കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മൂക്കന്നൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ എസ് എ ഇ കെ എം.(പി4)1238/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 18/12/2025
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മൂക്കന്നൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മൂക്കന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൂക്കന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ ഇ കെ എം.(പി4)1238/25 തീയ്യതി: 18/12/2025

എറണാകുളം ജില്ലയിലെ മൂക്കന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മൂക്കന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 03-11-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
മിനു പി.കെ.	ഡെപ്യൂട്ടി ഡയറക്ടർ	27-10-2025	03-11-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
27-10-2025	03-11-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി കവിതാദേവി വി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. മധു വി വി, ഓഡിറ്റ് ഓഫീസർ
ശ്രീ. പ്രസാദ് പി ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി അനുരൂപ ടി.എസ, സ്രീ. ഗ്രേ. ഓഡിറ്റര

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ബിജു പാലാട്ടി	പ്രസിഡന്റ്	01-04-2024	31-07-2024
കുര്യച്ചൻ എൻ .ഒ.	പ്രസിഡന്റ്	01-08-2024	16-08-2024
കെ.വി ബിബീഷ്	പ്രസിഡന്റ്	17-08-2024	31-03-2025
സുനിൽ കുമാർ കെ.യു.	സെക്രട്ടറി	01-04-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
തൻസീല എ.എം.	അസിസ്റ്റന്റ് സെക്രട്ടറി	01-04-2024	31-03-2025
ജോമോൻ പൌലോസ്	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	21-09-2024
ഒഴിവ്	അസിസ്റ്റന്റ് എഞ്ചിനീയർ	22-09-2024	23-09-2024
മീരാമോൾ ടി.എസ്.	അസിസ്റ്റന്റ് എഞ്ചിനീയർ	24-09-2024	31-03-2025
രജിത പി.	വെറ്ററിനറി സർജൻ	01-04-2024	31-03-2025
നീതു എൻ.എസ്.	കൃഷി ഓഫീസർ	01-04-2024	31-03-2025
പ്രശാന്ത് ഇ.എം.	ഡയറി ഫാം ഇൻസ്ട്രക്റ്റർ	01-04-2024	31-03-2025
ജെസ്സി കെ.ഒ.	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	01-04-2024	31-03-2025
ബിബിത വിശ്വം	മെഡിക്കൽ ഓഫീസർ പി.എച്ച്.സി	01-04-2024	31-03-2025
ചിത്ര വേലായുധൻ	മെഡിക്കൽ ഓഫീസർ -ഹോമിയോ	01-04-2024	05-11-2024
സിമി അഹമ്മു	മെഡിക്കൽ ഓഫീസർ -ഹോമിയോ	06-11-2024	31-03-2025
ജോസ്ലിൻ ജാസ്മിൻ ജോസ്	മെഡിക്കൽ ഓഫീസർ - ആയുർവേദം	01-04-2024	31-03-2025
ജാസ്മി പോൾ	വി.ഇ.ഒ.മൂക്കന്നൂർ	01-04-2024	31-03-2025
അശ്വതി സി. നന്ദനൻ	വി.ഇ.ഒ.കോക്കുന്ന്	01-04-2024	31-01-2025

പ്രശാന്ത് പി.ജെ.	വി.ഇ.ഒ.കോക്കുന്ന്	01-02-2025	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സാക്ഷ്യപത്രം	1-1
2	ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ന്യൂനത.	1-1-1
3	വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല.	1-1-2
4	ആസ്തി രജിസ്റ്ററിന്റെ അപാകത	1-1-3
5	സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല	1-1-4
6	ജേർണൽ വൗച്ചറുകളുമായി ബന്ധപ്പെട്ട രേഖകൾ സൂക്ഷിക്കുന്നില്ല.	1-1-5
7	കെ എസ് ഇ ബിയിൽ ഡെപ്പോസിറ്റ്- വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് കൃത്യമല്ല.	1-1-6
8	ജില്ലാ പഞ്ചായത്ത് വിഹിതം - സുലേഖ സ്റ്റേറ്റ്മെന്റും വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റും പൊരുത്തപ്പെടുന്നില്ല.	1-1-7
9	ബജറ്റ്	1-2
10	സാമ്പത്തിക വിശകലനം	1-3
11	ഫണ്ട് വിനിയോഗം	1-4
12	പദ്ധതി അവലോകനം	1-5
13	തൊഴിലുറപ്പു പദ്ധതി	1-6
14	ക്ഷേമ പെൻഷൻ	1-7
15	ക്യാഷ് ബാലൻസ് പരിശോധന	1-8
16	ആഭ്യന്തര നിയന്ത്രണം	1-9
17	ഓഡിറ്റ് ഇംപാക്റ്റ്	1-10
18	വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ്-നഷ്ടം 547/- രൂപ	1-11
19	റവന്യൂ കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്	1-12
20	കെ.എസ്.ഇ.ബി. യ്ക്ക് വാടകയ്ക്ക് നൽകിയിരിക്കുന്ന കെട്ടിടത്തിന്റെ വാടക നിരക്ക് കഴിഞ്ഞ എട്ടു വർഷമായി പുതുക്കിയിട്ടില്ല	1-13
21	ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു ലഭിച്ചില്ല - 16,445/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-14
22	വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയില്ല- ചെലവ് തുകയായ 1021818/-രൂപ തടസ്സപ്പെടുത്തുന്നു.	1-15
23	പ്രൊജക്റ്റിലെ വ്യവസ്ഥകൾ ലംഘിച്ച് ഗവണ്മെന്റ് അംഗീകാരമില്ലാത്ത സ്ഥാപനത്തിൽ നിന്നും ഇൻസിനറേറ്റർ വാങ്ങി - 141,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.	1-16
24	ടെൻഡർ വിളിക്കാതെ നേരിട്ട് പ്രവൃത്തി നടത്തി - 1,00,000/- രൂപ തടസ്സപ്പെടുത്തുന്നു.	1-17

25	കോക്ലിയർ ഇംപ്ലാന്റ് മെഷീൻ ബാറ്ററി മാറി നൽകാൻ തുക അടവാക്കി മാസങ്ങൾ കഴിഞ്ഞിട്ടും ഗുണഭോക്താവിന് ചികിത്സ ലഭ്യമായിട്ടില്ല	1-18
26	വാതക്കാട് ആനപ്പാറ ബൈറോഡ് നിർമ്മാണം-കരാർ തുകയിലും അധികരിച്ച് തുക നൽകി	1-19
27	MCF കെട്ടിടത്തിന് അനുബന്ധ സൗകര്യങ്ങളൊരുക്കൽ രണ്ടാംഘട്ടം-സ്റ്റീൽ വർക്കിന് അധിക നിരക്ക് അനുവദിച്ചു	1-20
28	മത്സ്യ കൃഷി-പഞ്ചായത്തിന് വരുമാനം ലഭിക്കുന്നില്ല	1-21
29	അങ്കണവാടി പൂരക പോഷകാഹാരം-ടി.ഡി.എസ് ഈടാക്കിയില്ല	1-22
30	അങ്കണവാടി കണ്ടയിനറുകൾ വാങ്ങൽ- 37240/- രൂപ തടസ്സം	1-23
31	മുൻകൂർ ക്രമീകരിച്ചിട്ടില്ല	1-24
32	ഗ്രാന്റുകൾ യഥാകാലം വിനിയോഗിക്കാതെ ബാദ്ധ്യതയായി	1-25
33	ഹെൽത്ത് ഗ്രാന്റ്	1-26
34	ജൽ ജീവൻ പദ്ധതി - അവലോകനം	1-27
ഭാഗം 2		
1	വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ്-നഷ്ടം 547/- രൂപ	2-1
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന	4-1
2	വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം	4-2
3	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്	4-4
5	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച തുകകൾ	4-5
6	വായ്പ - വായ്പ തിരിച്ചടവ്	4-6
7	സ്ഥിരനിക്ഷേപങ്ങൾ	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം	4-9
10	ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-12
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സാക്ഷ്യപത്രം

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് **25.07.2025 ലെ 2(1) -ാം** നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി **28.07.2025** തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **മൂക്കന്നൂർ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2025** ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും **31.03.2025** തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **മൂക്കന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025** വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : എറണാകുളം

തീയതി : 18.12.2025

ഡെപ്യൂട്ടി ഡയറക്ടർ

1-1-1 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ന്യൂനത.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase / Decrease In Cash And Cash Equivalent" ആയി രേഖപ്പെടുത്തിയിട്ടുള്ളത് ₹6727078/-ആണ്. എന്നാൽ ഇതേ പത്രികയിലെ "Net Cash Generated By Operating + Investing+ Financing Activity" ആയി രേഖപ്പെടുത്തിയിട്ടുള്ളത് ₹1,58,12,968 /- ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം ഈ രണ്ടു തുകകളും

പൊരുത്തപ്പെടേണ്ടതാണെങ്കിലും ലഭ്യമാക്കിയ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ഈ തുകകൾ പൊരുത്തപ്പെടുന്നില്ല.

1-1-2 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)).

1-1-3 ആസ്തി രജിസ്റ്ററിന്റെ അപാകത

നിലവിലുള്ള ആസ്തി രജിസ്റ്ററിന്റെ രൂപകൽപന പിന്തുണക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുള്ള ആസ്തി മൂല്യം ആസ്തി രജിസ്റ്ററിൽ കണ്ടെത്താനാകുന്നില്ല.

1-1-4 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

വർഷാരംഭത്തിൽ പ്രതീക്ഷിത വരവിനനുസരിച്ചും സമയാസമയങ്ങളിൽ ഡിമാന്റിലുണ്ടാവുന്ന വ്യത്യാസത്തിനനുസരിച്ചും ജേർണൽ എൻട്രികളിലൂടെ സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. വർഷാവസാനം വരവ് തന്നെ ഡിമാന്റ് ആയിട്ടുള്ള ഡിസിബി സ്റ്റേറ്റ്മെന്റുകൾ രജിസ്റ്ററിൽ ചേർക്കുകയാണ് ചെയ്യുന്നത്.

1-1-5 ജേർണൽ വൗച്ചറുകളുമായി ബന്ധപ്പെട്ട രേഖകൾ സൂക്ഷിക്കുന്നില്ല.

ജേർണൽ വൗച്ചറുകളുമായി ബന്ധപ്പെട്ട രേഖകൾ സൂക്ഷിച്ചിട്ടില്ല. ജേർണൽ വൗച്ചറുകളുമായി ബന്ധപ്പെട്ട അനുബന്ധ രേഖകൾ സൂക്ഷിക്കേണ്ടതാണ്.

1-1-6 കെ എസ് ഇ ബിയിൽ ഡെപ്പോസിറ്റ്- വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് കൃത്യമല്ല.

വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പ്രകാരം കെ എസ് ഇ ബിയിൽ ഡെപ്പോസിറ്റായി കാണിച്ചിട്ടുള്ള തുക ₹50000/- യാണ്. എന്നാൽ സെക്രട്ടറിയുടെ 333/25 നമ്പർ പ്രോജക്ട് പ്രകാരം ₹77000/- ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. അതായത് ₹27000/-യുടെ വ്യത്യാസം നിലനില്ക്കുന്നു.

1-1-7 ജില്ലാ പഞ്ചായത്ത് വിഹിതം - സുലേഖ സ്റ്റേറ്റ്മെന്റും വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റും പൊരുത്തപ്പെടുന്നില്ല.

ജില്ലാപഞ്ചായത്ത് വിഹിതം സുലേഖാ സ്റ്റേറ്റ്മെന്റ് പ്രകാരം ₹2529220/-യാണ് കാണിച്ചിട്ടുള്ളത്. എന്നാൽ വാർഷിക ധനകാര്യ സ്റ്റേറ്റുമെന്റ് പ്രകാരം ₹2441220/- യാണ്. അതായത് ₹88000/-യുടെ വ്യത്യാസം നിലനില്ക്കുന്നു.

1-2 ബജറ്റ്

2024-25 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിന് ഭരണസമിതിയുടെ 09/2/24 ലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകാരം നൽകുകയുണ്ടായി. പരിഷ്കരിച്ച ബജറ്റ് 05/03/25ലെ 3(1) തീരുമാനപ്രകാരം അഗീകരിച്ചു.

	ബജറ്റ് പ്രകാരം(₹)	പുതുക്കിയ ബജറ്റ് പ്രകാരം(₹)
മുൻബാക്കി	26385037.00	26385037.00
വരവ്	247984000.00	257677821.00
ആകെ	274369037.00	284062858.00
ചെലവ്	263515721.00	271835865.00
നീക്കിയിരുപ്പ്	10853316.00	12226993.00

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് (₹)	1,45,26,171
വരവ് (₹)	7,22,14,950
ആകെ (₹)	8,67,41,121
ചെലവ് (₹)	6,54,87,872
നീക്കിയിരിപ്പ് (₹)	2,12,53,249

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻ ബാക്കി	വരവ് (അലോട്ട്മെന്റ്)	ആകെ	ചെലവ്	ലാപ്സായ തുക	നീക്കിയിരിപ്പ്
വികസനഫണ്ട് - ജനറൽ	0	14991000	14991000	13944968	1046032	0
വികസനഫണ്ട്-എസ്.സി.പി.	0	3168000	3168000	3338090	129910	0
വികസനഫണ്ട്-ടി.എസ്.പി.	0	184000	184000	184000	0	0
സംരക്ഷണഗ്രാന്റ്- റോഡ്	0	39495000	39495000	30496505	8998495	0
സംരക്ഷണഗ്രാന്റ്-നോൺറോഡ്	0	6048000	6048000	6048,000		0
ധനകാര്യ കമ്മീഷൻ ഗ്രാന്റ്- അൺ ടൈഡ്	1085258	2701978 (175752 പലിശ)	3787236	1343980		2443256
ധനകാര്യ കമ്മീഷൻ ഗ്രാന്റ്- ടൈഡ് ബാങ്ക്	1110889	5396000	6506889	1808388	0	4698501
ധനകാര്യ കമ്മീഷൻ ഗ്രാന്റ്- ടൈഡ് ട്രഷറി	0	168915	168915	23794	145121	0
കേന്ദ്രാവിഷ്കൃത ഫണ്ടുകൾ-320100198-ശുചിത്വമിഷൻ ഗ്രാന്റ്	3,15,000	849315	1164315	849315	0	3,15,000
കേന്ദ്രാവിഷ്കൃത ഫണ്ടുകൾ-അംഗൻവാടി പൂരക പോഷകാഹാരം-320100125	962858	914418	1877276	727803	0	1149473
320100160-ലൈഫ് സംസ്ഥാന വിഹിതം	1438487	2500015	3938502	2060000	0	1878502
320100181- ടോട്ടൽ സാനിറ്റേഷൻ	548648	22054(14652 + 7402 പലിശ)	570702	106685	0	464017
320100202- ഹെൽത്ത് ഗ്രാന്റ് – അടിസ്ഥാന സൗകര്യവികസനം	658814	346821	1005635	640061	0	36,55,74
320100204-ഹെൽത്ത് ഗ്രാന്റ് വെൽനസ്	180122	544888	725010	138222	0	586788
320300103-സമ്പൂർണ ശുചിത്വം	11416	0	11416	0	0	11416
320300199-അദർ ഏജൻസി ഗ്രാന്റ്	1350000	0	1350000	0	0	1350000

320100149- നാഷണൽ റൂറൽ ഹെൽത്ത് മിഷൻ	200000	0	200000	0	0	200000
320100190 വിമുക്തിഗ്രാന്റ്	1425	0	1425	0	0	1425
320100192 – ഫ്ലഡ് റിലീഫ്ഗ്രാന്റ്	83816	100000	183816	0	0	183816
320100193- Drought Relief Grant	14223	0	14223	0	0	14223
320100196- ഐ.സി.ഡി.എസ്	0	316618	316618	0	0	316618
320100197- സാക്ഷരത ഗ്രാന്റ്	20136	549	20685	0	0	20685
320100999- അദർ ലയബിലിറ്റീസ്	234731	0	234731	153487	0	81244
320200304- സോളിഡ് വേസ്ററ് മാനേജ്മെന്റ്	0	156246	156246	156000	0	246

ബജറ്റ് പ്രകാരം പഞ്ചായത്തിന് അനുവദിക്കുന്ന ഗ്രാന്റുകൾ കാര്യക്ഷമമായി ചെലവഴിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. വികസന ഫണ്ട്, റോഡ്-റോഡിതര സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ തുക എന്നിവ ഉപയോഗിച്ചുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും നടപ്പാക്കുന്നതിലും കുറവ് വന്നിട്ടുണ്ടെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കേണ്ട ഗ്രാന്റ് നഷ്ടപ്പെടുത്തുന്നത് അഭിലഷണീയമല്ല. ഓരോ വർഷവും ഗ്രാന്റായി ലഭിക്കുന്ന തുകയുപയോഗിച്ച് ഗ്രാമപഞ്ചായത്തിൽ യഥാസമയം പ്രോജക്ടുകൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് ഭരണ സമിതി പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ (₹)	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ് (₹)	പൂർണ്ണമായി നടപ്പിലാക്കിയത് (എണ്ണം)	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
369	146068099	211	80103706	184	27	158	49.86 %

ജി.ഒ പ്രൊജക്ട് ഉൾപ്പെടെയാണ് ആകെ അടങ്കൽ.

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ് (₹)	തൻവർഷ വരവ് (₹)	ആകെ വരവ് (₹)	ചെലവ് (₹)	നീക്കിയിരിപ്പ് (₹)
ഭരണച്ചെലവുകൾ	1,346	8,86,101	8,87,447	8,87,447	0
ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത്	0	1,34,76,845	1,34,76,845	1,34,76,845	0
ആകെ	1,346	1,43,62,946	1,43,64,292	1,43,64,292	0

1-7 ക്ഷേമ പെൻഷൻ

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം

തൊഴിൽരഹിത വേതനം	0	0
കർഷകതൊഴിലാളി പെൻഷൻ	₹2,188,800.00	126
വിധവാപെൻഷൻ	₹12,109,500.00	779
വാർദ്ധക്യകാല പെൻഷൻ	₹31,479,800.00	2161
വികലാംഗപെൻഷൻ	₹4,275,000.00	258
അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം	₹1,135,400.00	70

1-8 ക്യാഷ് ബാലൻസ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.10.2025 തീയതിയിൽ ഉച്ചയ്ക്ക് 3.35 മണിക്ക് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തി. ക്യാഷ് ബാലൻസ് ₹7,347/- ന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പോരായ്മകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

1. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
2. തനതുഫണ്ട് വരവുകൾ കൃത്യമായി പിരിച്ചെടുക്കുന്നതിൽ വീഴ്ചയുണ്ടാകുന്നുണ്ട്.
3. പണമിടപാടുകൾ ശരിയായ അക്കൗണ്ട് ഹെഡുകളിൽ രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനുള്ള സംവിധാനമില്ല.
4. പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ വിവരം ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
5.പദ്ധതി മോണിറ്ററിംഗ് ഫലപ്രദമായി നടത്തുന്നില്ല.
6. കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ തനതുഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല.

വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്റ്റുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിറ്ററിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്റ്റുകളുടെ നിർവ്വഹണം വിഭാവനം ചെയ്തതരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ഉറപ്പാക്കുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിറ്ററിംഗിലൂടെ സാധ്യമാകുന്നത്. മോണിറ്ററിങ്ങ് നടത്തേണ്ട ഉത്തരവാദിത്തം അതത് വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണ്. വർക്കിംഗ് ഗ്രൂപ്പിലെ നിർവ്വഹണ ഉദ്യോഗസ്ഥൻ ഒഴികെയുള്ള അംഗങ്ങളാണ് മോണിറ്ററിംഗ് ഗ്രൂപ്പായി പ്രവർത്തിക്കേണ്ടത്. ഓഡിറ്റ് വർഷത്തിൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രോജക്റ്റുകൾ ഇത്തരത്തിൽ മോണിറ്ററിംഗിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന സ്റ്റേറ്റ്മെന്റാണ് മോണിറ്ററിംഗ് റിപ്പോർട്ടായി പല പ്രോജക്ടുകളോടൊപ്പവും ചേർത്തിരിക്കുന്നത്. പ്രോജക്റ്റുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഒരു മോണിറ്ററിംഗ് സമിതിയും വിലയിരുത്തിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

1-10 ഓഡിറ്റ് ഇംപാക്റ്റ്

ഇമ്മാനുവേൽ ഓർഫനേജ് മിഷൻ സ്കൂൾ, ആഴകം എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകൾ തൊഴിൽ നികുതി രജിസ്റ്റർ, ഫയൽ എന്നിവ പരിശോധിച്ചതിൽ ലഭ്യമാകാത്തതിനാൽ, ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ

ഓഡിറ്റ് എൻക്വയറിയുടെ (08/30.10.2025) അടിസ്ഥാനത്തിൽ 31.10.2025 ലെ R-G070301-25002395 നം. രസീത് പ്രകാരം രണ്ടാം അർദ്ധവർഷത്തെ തൊഴിൽനികുതി ₹9000/- യും, പിഴ പലിശ ₹1440/- യും ഉൾപ്പെടെ ആകെ ₹10,440/- പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്ക് വരുത്തിയിട്ടുണ്ട്.

1-11 വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ്-നഷ്ടം 547/- രൂപ

മൂക്കന്നൂർ ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 05.05.2023 ലെ 1(2) നം. തീരുമാന പ്രകാരം, 'പാർപ്പിടാവശ്യം-സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ.ന് മുകളിലുള്ളവ' എന്ന ഗണത്തിൽ പെടുന്ന കെട്ടിടങ്ങൾക്ക് 2024-25 വർഷത്തിൽ 8.4/ ച.മീ. രൂപയാണ് അടിസ്ഥാന വസ്തു നികുതി നിരക്ക് . എന്നാൽ ചുവടെ കൊടുത്തിരിക്കുന്ന 300 ച. മീ ന് മുകളിലുള്ള കെട്ടിടത്തെ തെറ്റായി 'പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ വരെയുള്ളവ' എന്ന ഗണത്തിൽപെടുത്തി വസ്തു നികുതി കുറവായി (6.3 രൂപ / ച.മീ.) നിർണ്ണയിച്ചിരിക്കുന്നു. പ്രസ്തുത അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (01/27.10.2025), നികുതി നിർണ്ണയിച്ചതിൽ വന്ന ക്ലറിക്കൽ തെറ്റ് തിരുത്തി നികുതി പുനർ നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.വിശദാംശം ഖണ്ഡിക 2-1 ൽ കൊടുത്തിരിക്കുന്നു.

1-12 റവന്യൂ കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

2024-25 ഓഡിറ്റിന്റെ ഭാഗമായി വരവിനങ്ങളിൽ നടത്തിയ പരിശോധനയിൽ പഞ്ചായത്ത് സമർപ്പിച്ച തൻവർഷ വാർഷിക ധനകാര്യ പത്രികയിൽ ബാലൻസ് ഷീറ്റിലെ ബി15 ഷെഡ്യൂളിൽ വിവിധ ഇനങ്ങളിൽ പിരിച്ചെടുക്കാനുള്ള തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

1	വസ്തു നികുതി-റെസിഡൻഷ്യൽ (തൻ വർഷം)	1,83,629.00
2	വസ്തു നികുതി-റെസിഡൻഷ്യൽ (കുടിശ്ശിക)	93,364.00
3	വസ്തു നികുതി-നോൺ റെസിഡൻഷ്യൽ (തൻ വർഷം)	2,80,275.00
4	വസ്തു നികുതി- നോൺറെസിഡൻഷ്യൽ (കുടിശ്ശിക)	3,87,345.00
5	അഡ്വർട്ടൈസ്മെന്റ് ടാക്സ് (കുടിശ്ശിക)	21,000.00
6	കെട്ടിടങ്ങളിൽ നിന്നുള്ള വാടക (തൻ വർഷം)	17,228.00
	ആകെ	9,82,841.00

മേൽ കുടിശ്ശിക തുകകൾ പിരിച്ചെടുത്തതിന്റെ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(09/30.10.2025), കുടിശ്ശിക തുകകൾ പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമാക്കേണ്ടതാണ്.

1-13 കെ.എസ്.ഇ.ബി. യ്ക്ക് വാടകയ്ക്ക് നൽകിയിരിക്കുന്ന കെട്ടിടത്തിന്റെ വാടക നിരക്ക് കഴിഞ്ഞ എട്ട വർഷമായി പുതുക്കിയിട്ടില്ല

കെ.എസ്.ഇ.ബി മൂക്കന്നൂർ സെക്ഷൻ ഓഫീസ് പ്രവർത്തിക്കുന്നതിനായി വാടകയ്ക്ക് നൽകിയ പഞ്ചായത്ത് വക കെട്ടിടത്തിന്റെ വാടക കഴിഞ്ഞ എട്ടു വർഷമായി പുതുക്കിയിട്ടില്ല. പ്രതിമാസം ₹8614/- യാണ് വാടക ഈടാക്കുന്നത്. 2017 സെപ്റ്റംബർ മുതലുള്ള വാടക നിരക്കാണിത്. ഇത്തരത്തിൽ വാടക നിരക്ക് പുതുക്കി നിശ്ചയിക്കാത്തതിനുള്ള കാരണം വിശദീകരിക്കുവാനും, വാടക സംബന്ധിച്ചുള്ള രേഖകൾ (വാടക എഗ്രിമെൻറുകൾ, വാടക സംബന്ധിച്ച കമ്മിറ്റി തീരുമാനങ്ങൾ, വാടക നിരക്ക് നിശ്ചയിച്ച രേഖകൾ എന്നിവ) പരിശോധനക്കായി ഓഡിറ്റിന് ലഭ്യമാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(19/01.11.2025) മറുപടി ലഭ്യമാക്കിയില്ല.

കെ.എസ്.ഇ.ബി യ്ക്ക് വാടകയ്ക്ക് നല്കിയ കെട്ടിടത്തിന്റെ വാടക പരിഷ്കരിച്ച് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിലേക്കായി ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-14 ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു ലഭിച്ചില്ല - 16,445/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, ഹോമിയോ
പ്രോജക്ട്	143/25, ഹോമിയോ ആശുപത്രിക്ക മരുന്നു വാങ്ങൽ
ഫണ്ടിനം	മെയിന്റനന്സ് ഗ്രാന്റ്(റോഡിതരം)
അടങ്കൽ	₹2,50,000/-
ചെലവ്	₹2,50,000/-
ബിൽ നമ്പർ,തീയതി	99/22.08.2024

2024-25 സാമ്പത്തിക വർഷം മൂക്കന്നൂർ ഗ്രാമ പഞ്ചായത്തിൽ ഹോമിയോ ഡോക്ടർ നിർവ്വഹണദ്യോഗസ്ഥനായി നടപ്പാക്കിയ 143/25, ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ എന്ന പ്രോജക്ടു പ്രകാരം, ഹോംകോയിലേക്ക് ₹2,50,000/- അടവാക്കിയിട്ടുള്ളതാണ്. 2024-25 സാമ്പത്തിക വർഷം ₹1,83,492/- യുടെ മരുന്നുകളും, 2025-26 വർഷത്തിൽ നാളിതു നരെ ₹50,063/-യുടെ മരുന്നുകളും ലഭിച്ചിട്ടുണ്ട്. ബാക്കിയുള്ള ₹16,445/- യുടെ മരുന്നുകൾ നാളിതു വരെ ലഭിച്ചിട്ടില്ല. ആയത് ലഭിക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിനെ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/01.11.2025) മറുപടി ലഭ്യമാക്കിയില്ല.മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിനെ രേഖകൾ സഹിതം അറിയിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-15 വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയില്ല- ചെലവ് തുകയായ 1021818/-രൂപ തടസ്സപ്പെടുത്തുന്നു.

2024-25ൽ സെക്രട്ടറി നടപ്പിലാക്കിയ പ്രോജക്ടുകളുടെ ഭാഗമായി താഴെപറയുന്ന സ്ഥാപനങ്ങളിൽ തുക അടവാക്കിയിട്ടുണ്ട്. ടി പ്രൊജക്റ്റുകൾ പൂർത്തീകരിച്ചതു സംബന്ധിച്ച് അതതു സ്ഥാപനങ്ങളിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

ക്രമ നം.	പ്രോജക്ടിന്റെ പേര്/നമ്പർ	അടവാക്കിയ തുക (ബിൽ നമ്പർ)	തുക അടവാക്കിയ സ്ഥാപനം
1	MCF ൽ കുഴൽകിണർ നിർമ്മാണം, (451/25)	₹59000/-(495/21.3.25) ധനകാര്യ കമ്മീഷൻ ഗ്രാന്റ്	ജില്ലാ ഓഫീസ്, ഭൂജല വകുപ്പ്, കാക്കനാട്
2	തുരുത്തു അംഗൻവാടിക്ക് കുഴൽകിണർ- വാർഡ് 11(450/25)	₹51000/-(437/12.3.25) ധനകാര്യ കമ്മീഷൻ ഗ്രാന്റ്	ജില്ലാ ഓഫീസ്, ഭൂജല വകുപ്പ്, കാക്കനാട്
3	73- നമ്പർ അംഗൻവാടിക്ക് കുഴൽക്കിണർ നിർമ്മാണം, മോട്ടോർ സ്ഥാപിക്കൽ (338/25)	₹190000/- (42401373/18.03.25) ധനകാര്യ കമ്മീഷൻ ഗ്രാന്റ്	ജില്ലാ ഓഫീസ്, ഭൂജല വകുപ്പ്, കാക്കനാട്
4	വിവിധ റോഡുകളിലെ പോസ്റ്റുകൾ മാറ്റിസ്ഥാപിക്കൽ(333/25)	₹25993/- (383/1.3.25) വികസനഫണ്ട് -ജനറൽ	KSEB ഇലക്ട്രിക്കൽ സെക്ഷൻ, തുറവൂർ
		₹21021/- (521/24.3.25) തനത് ഫണ്ട്	KSEB ഇലക്ട്രിക്കൽ സെക്ഷൻ,കറുകുറ്റി
		₹5979/- (489/19.3.25) തനത് ഫണ്ട്	KSEB ഇലക്ട്രിക്കൽ സെക്ഷൻ, മൂക്കന്നൂർ
		₹24007/- (487/19.3.25) വികസനഫണ്ട് - ജനറൽ	KSEB ഇലക്ട്രിക്കൽ സെക്ഷൻ, മൂക്കന്നൂർ

5	വിവിധ വാർഡുകളിൽ തെരുവ് വിളക്കിന് ലൈൻ വലിക്കൽ (332/25)	₹133177/- (420/11.3.25) വികസനഫണ്ട് -ജനറൽ	KSEB ഇലക്ട്രിക്കൽ സെക്ഷൻ, മൂക്കന്നൂർ
		₹32626/- (464/18.3.25) വികസനഫണ്ട് -ജനറൽ	KSEB ഇലക്ട്രിക്കൽ സെക്ഷൻ, മൂക്കന്നൂർ
		₹122820/- (465/18.3.25) തനത് ഫണ്ട്	KSEB ഇലക്ട്രിക്കൽ സെക്ഷൻ,മൂക്കന്നൂർ
		₹17277/- (466/18.3.25) തനത് ഫണ്ട്	KSEB ഇലക്ട്രിക്കൽ സെക്ഷൻ, മൂക്കന്നൂർ
		₹185684/- (467/18.3.25) തനത് ഫണ്ട്	KSEB ഇലക്ട്രിക്കൽ സെക്ഷൻ, മൂക്കന്നൂർ
		₹59849/- (546/28.3.25) തനത് ഫണ്ട്	KSEB ഇലക്ട്രിക്കൽ സെക്ഷൻ,മൂക്കന്നൂർ
		₹10000/- (522/24.3.25) തനത് ഫണ്ട്	KSEB ഇലക്ട്രിക്കൽ സെക്ഷൻ, കറുകുറ്റി
		₹21740/-(550/31.3.25) തനത് ഫണ്ട്	KSEB ഇലക്ട്രിക്കൽ സെക്ഷൻ, കറുകുറ്റി
6	IKM - തുക കൈമാറൽ (28/25)	₹61645/- (265/18.12.24) വികസനഫണ്ട് – ജനറൽ	IKM, തിരുവനന്തപുരം
	ആകെ	1021818/-	

മേൽ സൂചിപ്പിച്ച പ്രൊജക്റ്റുകൾ പൂർത്തീകരിച്ചതു സംബന്ധിച്ചുള്ള വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/29.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രങ്ങളുടെ അഭാവത്തിൽ ആകെ ചെലവ് തുകയായ ₹1021818/- തടസ്സപ്പെടുത്തുന്നു.

<u>1-16 പ്രൊജക്റ്റിലെ വ്യവസ്ഥകൾ ലംഘിച്ച് ഗവൺമെന്റ് അംഗീകാരമില്ലാത്ത സ്ഥാപനത്തിൽ നിന്നും ഇൻസിനറേറ്റർ വാങ്ങി - 141,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.</u>

പ്രൊജക്റ്റ്	സാനിറ്ററി നാപ്കിൻ ഡിസ്ട്രോയർ മെഷീൻ സ്ഥാപിക്കൽ (121/25)
അടങ്കൽ	₹141000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ചെലവ്	₹141,000/- (വൗച്ചർ നമ്പർ-539, തീയതി 26.3.2025)
നിർവ്വഹണ ഉദ്യോഗസ്ഥൻ	വി.ഇ.ഒ

ഖരമാലിന്യ സംസ്കരണത്തിന്റെ ഭാഗമായി 3 സാനിറ്ററി നാപ്കിൻ ഡിസ്ട്രോയർ വാങ്ങി സ്ഥാപിക്കുക എന്നതാണ് പ്രൊജക്റ്റിന്റെ ലക്ഷ്യം. ക്വൊട്ടേഷൻ /ടെൻഡർ എന്നിവ കൂടാതെ വാങ്ങാൻ അനുവാദമുള്ള സ്ഥാപനത്തിൽ നിന്നും നേരിട്ട് ടി മെഷീനുകൾ വാങ്ങാൻ ആണ് മേൽസൂചിപ്പിച്ച പ്രൊജക്റ്റിൽ വിഭാവനം ചെയ്തിരുന്നത്. എന്നാൽ പ്രൊജക്റ്റ് രേഖകൾ പരിശോധിച്ചതിൽ നിന്നും ഹാപ്പി ഹാൻഡ്സ് ഗ്ലോബൽ, ആലപ്പുഴ എന്ന സ്ഥാപനത്തിൽ നിന്നും 3 മെഷീനുകൾ (47000X3) നേരിട്ട് വാങ്ങി പഞ്ചായത്ത് ഓഫീസ്, S.H.O ഹൈസ്കൂൾ, മൂക്കന്നൂർ, ഗവ ഹയർ സെക്കൻഡറി സ്കൂൾ, മൂക്കന്നൂർ എന്നിവിടങ്ങളിൽ സ്ഥാപിച്ചതായി കാണുന്നു. ക്വൊട്ടേഷൻ /ടെൻഡർ എന്നിവ കൂടാതെ ഹാപ്പി ഹാൻഡ്സ് ഗ്ലോബൽ, ആലപ്പുഴ എന്ന സ്ഥാപനത്തിൽ നിന്നും ടി മെഷീനുകൾ വാങ്ങാൻ അനുവാദം നൽകുന്ന ഗവൺമെന്റ് ഉത്തരവ് ഹാജരാക്കാനാവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം.10/30.10.2025) നൽകിയിരുന്നുവെങ്കിലും ആയതിനു 03.11.2025 ന് ലഭ്യമാക്കിയ മറുപടിയോടൊപ്പം ടി ഗവൺമെന്റ് ഉത്തരവ് ഹാജരാക്കിയിട്ടില്ല. ആയതിനാൽ പ്രൊജക്റ്റിലെ വ്യവസ്ഥകൾ ലംഘിച്ച്

ഗവണ്മെന്റ് അംഗീകാരമില്ലാത്ത സ്ഥാപനത്തിൽ നിന്നും ഇൻസിനറേറ്റർ വാങ്ങാൻ ചെലവഴിച്ച ₹141,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഭാവിയിൽ ഇത്തരം പ്രൊജക്ടുകൾ നടപ്പിലാക്കുമ്പോൾ മേൽസൂചിപ്പിച്ച അപാകതകൾ ഒഴിവാക്കാൻ ബന്ധപ്പെട്ട പഞ്ചായത്ത് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

1-17 ടെൻഡർ വിളിക്കാതെ നേരിട്ട് പ്രവൃത്തി നടത്തി - 1,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രൊജക്റ്റ്	മൂക്കന്നൂർ ഗ്രാമപഞ്ചായത്ത് കോൺഫറൻസ് ഹാൾ ഇലക്ട്രിഫിക്കേഷനും നെറ്റ് വർക്കിങ്ങും (184/25)
അടങ്കൽ	₹100000/- (തനത് ഫണ്ട്)
ചെലവ്	₹100000/- (ബിൽ നമ്പർ/തീയതി - 451 / 14.3.2025)
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി

ടെൻഡർ മുഖേന ടി പ്രവൃത്തി നടപ്പിലാക്കാനാണ് പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്നത്. ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ നിന്നും ടെൻഡർ വിളിക്കാതെ പയ്യപ്പിള്ളി ഇലക്ട്രിക്കൽസ്, മൂക്കന്നൂർ എന്ന സ്ഥാപനത്തിൽ നിന്നും 02.05.23 മുതൽ 25.06.24 വരെയുള്ള 17 ബില്ലുകൾ പ്രകാരം ആകെ ₹63642/- യുടെ ഇലക്ട്രിക്കൽ ഉപകരണങ്ങൾ നേരിട്ട് വാങ്ങിയാണ് ടി പ്രവൃത്തി നടത്തിയതായി കാണുന്നത്. ആയതിനു 15.02.25 ലെ തീരുമാനം നമ്പർ 6(1) മുതൽ 6(17) വരെയുള്ള തീരുമാനങ്ങൾ പ്രകാരം പഞ്ചായത്ത് കമ്മറ്റി സാധൂകരണം നൽകിയിട്ടുണ്ട്.

ടി പ്രവൃത്തിയുടെ ഇലക്ട്രിക്കൽ വർക്കുകൾ ചെയ്ത സിജോ ജോസഫ്, മാടശ്ശേരി എന്ന വ്യക്തിക്കു 2023-24 മുതൽ ടി പ്രവൃത്തി നടത്തിയ വകയിൽ ₹45100/- അനുവദിക്കാൻ 15.2.25 ലെ 7(1) നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മറ്റി തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ആയതിന്റെ ബിൽ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. 2023-24 മുതൽ ചെയ്ത പ്രവൃത്തിക്കുള്ള തുക ലഭിക്കാൻ അപേക്ഷ സമർപ്പിക്കാൻ കാലതാമസം ഉണ്ടായതിൽ ടിയാൻ സമർപ്പിച്ച മാപ്പപേക്ഷ പരിഗണിച്ചാണ് മേൽതീരുമാനം കമ്മറ്റി എടുത്തത്. എന്നാൽ ബന്ധപ്പെട്ട മാപ്പപേക്ഷയും ഹാജരാക്കിയിട്ടില്ല .

ടി പ്രവൃത്തിക്കായി താഴെപറയുന്ന പ്രകാരം തുക അനുവദിച്ചിട്ടുണ്ട് .

പയ്യപ്പിള്ളി ഇലക്ട്രിക്കൽസ്, മൂക്കന്നൂർ	₹63642/-
സിജോ ജോസഫ്, മാടശ്ശേരി	₹35994/-
ഐ .ടി	₹364/-
	₹100000/-

പദ്ധതി മാർഗരേഖ ഉത്തരവിലെ ഖണ്ഡിക 12.2 പ്രകാരം ഒരു ലക്ഷം വരെയുള്ള പ്രവൃത്തികൾ സാധാരണ ടെൻഡർ /ഇ – ടെൻഡർ മുഖേനയോ നടപ്പാക്കേണ്ടതാണ്. ആയതു പാലിച്ചിട്ടില്ല

മേൽസൂചിപ്പിച്ച അപാകതകൾക്ക് രേഖകൾ സഹിതം വിശദീകരണം ഹാജരാക്കാനാവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം.24/3.11.2025) നൽകിയിരുന്നുവെങ്കിലും ആയതിനു മറുപടി ഹാജരാക്കിയിട്ടില്ല. ആയതിനാൽ മേൽസൂചിപ്പിച്ച രേഖകളുടെ അഭാവം, പദ്ധതി മാർഗരേഖ, പ്രൊജക്റ്റ് എന്നിവയിലെ വ്യവസ്ഥകളുടെ ലംഘനം എന്നീ കാരണങ്ങളാൽ ടി പ്രവൃത്തി വഴി ചെലവഴിച്ച ₹100000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഭാവിയിൽ ഇത്തരം പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ മേൽസൂചിപ്പിച്ച അപാകതകൾ ഒഴിവാക്കാൻ ബന്ധപ്പെട്ട പഞ്ചായത്ത് അധികൃതർ ശ്രദ്ധിക്കേണ്ടതാണ് .

1-18 കോക്ലിയർ ഇംപ്ലാന്റ് മെഷീൻ ബാറ്ററി മാറി നൽകാൻ തുക അടവാക്കി മാസങ്ങൾ കഴിഞ്ഞിട്ടും ഗുണഭോക്താവിന് ചികിത്സ ലഭ്യമായിട്ടില്ല

പ്രൊജക്റ്റ്	കോക്ലിയർ ഇംപ്ലാന്റ് മെഷീൻ ബാറ്ററി മാറി നൽകൽ (346/25)
അടങ്കൽ	₹50,000/- (വികസന ഫണ്ട്- ജനറൽ)

ചെലവ്	₹50,000/- (ബിൽ-322/20.1.25)
നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ (പി.എച്.സി)

മേൽസൂചിപ്പിച്ച പ്രൊജക്ട് മുഖേന കോക്ലിയർ ഇംപ്ലാന്റേഷൻ സർജറിക്ക വിധേയനായ കാർത്തികേയൻ സിഖിദാസ് (കല്ലാട്ട് വീട്, ആഴകം, മൂക്കന്നൂർ) എന്ന കുട്ടിയുടെ കോക്ലിയർ ഇംപ്ലാന്റ് മെഷീൻ ബാറ്ററി മാറി നൽകുന്നതിനായി ₹50000/- സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക കൈമാറിയിട്ടുണ്ട്. ഗുണഭോക്താവിന്റെ ചികിത്സക്ക് തുക ചെലവാകുന്ന മുറക്ക് വിനിയോഗ സാക്ഷ്യപത്രം നല്കുന്നതാണെന്ന് 07.05.2025 ലെ SHA /494/2025-MGR (FIN) കത്ത് പ്രകാരം ജോയിന്റ് ഡയറക്ടർ (സ്റ്റേറ്റ്ഹെൽത്ത് ഏജൻസി, തിരുവനന്തപുരം) പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. ആയതു പ്രകാരം ചികിത്സ പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമായതായി കാണുന്നില്ല. ആയതു ലഭ്യമായിട്ടുണ്ടെങ്കിൽ ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/29.10.2025) 31.10.2025ന് ലഭ്യമാക്കിയ മറുപടിയിൽ ആയതു ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 31.10.2025 ന് കത്തയച്ചിട്ടുണ്ടെന്നറിയിച്ചിട്ടുണ്ട്. തുക അടവാക്കി നാളിതുവരെ ആയിട്ടും കുട്ടിക്ക് ചികിത്സ ലഭ്യമാകാത്ത സാഹചര്യം ഒഴിവാക്കാൻ പഞ്ചായത്ത് അധികൃതർ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്ന മുറക്ക് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-19 വാതക്കാട് ആനപ്പാറ ബൈറോഡ് നിർമ്മാണം-കരാർ തുകയിലും അധികരിച്ച് തുക നൽകി

പ്രോജക്ട് നമ്പർ, പേര്	എസ് 263/25- വാതക്കാട് ആനപ്പാറ ബൈറോഡ് നിർമ്മാണം
കരാറുകാരന്റെ പേര്	ശ്രീ. കെ.ഐ വർഗ്ഗീസ്
കരാർ നം., പി.എ.സി	53/AE/LSGD/MKR Dated 03.02.2024, ₹5,14,017/-
അളവ് പുസ്തകം	ഇ.എം.ബുക്ക്
നിർവ്വഹണോദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ
ചെലവഴിച്ച തുക (തനതു ഫണ്ട്)	₹6,09,599/- (18% GST ഉൾപ്പെടെ) (വൗച്ചർ നം. / തീയതി. 22400886/30.10.2024)

2023-24 വർഷം 72/24 നം പ്രോജക്ടായി ആവിഷ്കരിച്ച മേൽ പ്രവൃത്തി 2024-25 ൽ സ്പിൽ ഓവർ പ്രോജക്റ്റ് ആയാണ് നടപ്പാക്കിയിട്ടുള്ളത്. (നം. എസ് 263/25). കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. കെ. ഐ വർഗ്ഗീസ് എന്ന കരാറുകാരനുമായി 03.02.2024 ൽ ₹5,14,017/-ക്ക് കരാറിലേർപ്പെട്ട് പ്രവൃത്തി പൂർത്തീകരിച്ചു. ഫൈനൽ ബിൽ പ്രകാരം ആകെ പ്രവൃത്തി മൂല്യം ₹5,16,609/- വന്നിട്ടുണ്ട്. ഇതിന്റെ 18% GST ഉൾപ്പെടെയുള്ള തുകയിൽ നിന്നും നിയമാനുസൃത കിഴിവുകളോടെ കരാറുകാരന് തുക നൽകിയിട്ടുണ്ട്. അംഗീകരിച്ച കരാർ തുകയിൽ ലിമിറ്റ് ചെയ്യാത്തതിനാൽ ₹2592/- + 18% GST (5,16,609 – 5,14,017 = 2592) അധികച്ചെലവ് വന്നിട്ടുള്ളതായി കാണുന്നു. പരിശോധിച്ച് മറുപടി നൽകേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 07/29.10.25)നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

കരാർതുകയിലും അധികം തുക മേൽ പ്രവൃത്തിക്ക് ചെലവഴിച്ചത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതും, അധികം നൽകിയ തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

1-20 MCF കെട്ടിടത്തിന് അനുബന്ധ സൗകര്യങ്ങളൊരുക്കൽ രണ്ടാംഘട്ടം-സ്റ്റീൽ വർക്കിന് അധിക നിരക്ക് അനുവദിച്ചു

പ്രൊജക്ടിന്റെ നമ്പർ, പേര്	304/25 MCF കെട്ടിടത്തിന് അനുബന്ധ സൗകര്യങ്ങളൊരുക്കൽ രണ്ടാംഘട്ടം

ചെലവ്	₹3,42,430/- (CFC -Basic Grant)
ബിൽ നം	188/17.10.24- ₹1,99,768/- & 458/17.03.25-₹1,42,662/-
Accepted PAC	₹4,24,533/-
സാങ്കേതിക അനുമതി	LSGD/TS/56804/2023/11-12-2023
കരാറുകാരന്റെ പേര്:	എൽദോ ഏല്യാസ്
കരാർ നം	31/AE/LSGD/2023-24/MKR/15.01.2024

MCF കെട്ടിടത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി കെട്ടിടത്തിനോട് ചേർന്ന് ട്രസ്സ് വർക്ക് നടത്തിയിട്ടുണ്ട്. ഈ പ്രവൃത്തിയുടെ സ്റ്റീൽ വർക്ക് ചെയ്യുന്നതിന് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ ഇനം 10.16.1 Steel Work In Built Up Tubular (Round, Square Or Rectangular Hollow Tubes Etc.) Trusses Etc.. @168.82 ആണ്. എന്നാൽ പ്രസ്തുത പ്രവൃത്തികൾ 01.11.25 ന് നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നേരിട്ട് പരിശോധിച്ചതിൽ ഡി.എസ് ആർ ഡാറ്റ 10.1 പ്രകാരമുള്ള Steel Work In Single Sectioning ആണ് ചെയ്തിട്ടുള്ളതെന്ന് കണ്ടു. പ്രസ്തുത പ്രവൃത്തിയുടെ ചിത്രം ചുവടെ ചേർക്കുന്നു. ആയതിനാൽ അനുവദിച്ച നിരക്ക് കൂടുതലാണെന്ന് കാണുന്നു.

കരാറുകാരൻ ക്വോട്ട് ചെയ്ത തുക	ബിൽ പ്രകാരം നൽകിയത്	നൽകാവുന്ന നിരക്ക്	അധികം നൽകിയ തുക (₹)
1061.477kg @168.82 = 179198.55+ 10 % Tender Excess	1061.477kg @168.82= 179198.55 + 10 % Tender Excess = 1,97,118.4	1061.477 Kg @101.27+ 10 % Tender Excess= 1,18,245.35	197118 – 118245 = 78873/-

അനുവദനീയമായതിലും കൂടിയ നിരക്ക് നൽകിയതിനാൽ ₹78873/- ജി.എസ്.ടി കൂടാതെ അധികച്ചെലവ് വന്നിട്ടുണ്ട് (1,97,118.40 – 1,18,245.35). പരിശോധിച്ച് മറുപടി നൽകേണ്ടതാണെന്നാവശ്യപ്പെട്ട് 03.11.2025- ൽ നൽകിയ 25ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തി നടത്തിയിട്ടുള്ളത് സിംഗിൾ സെക്ഷനിംഗ് രീതിയിലാണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതിനാൽ സിംഗിൾ സെക്ഷനിംഗ് പ്രവൃത്തിക്ക് ബാധകമായ നിരക്കിൽ തുക അനുവദിക്കേണ്ടതും അധികം അനുവദിച്ച തുക ₹78873/-, ജി.എസ്.ടി ഉൾപ്പെടെ കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ തിരികെ ഈടാക്കേണ്ടതുമാണ്.

<u>1-21 മത്സ്യ കൃഷി-പഞ്ചായത്തിന് വരുമാനം ലഭിക്കുന്നില്ല</u>

2024 -25 സാമ്പത്തിക വർഷം മൂക്കന്നൂർ ഗ്രാമ പഞ്ചായത്ത് ജനറൽ കമ്മിറ്റി 18.06.2024 തീയതിയിൽ മൂക്കന്നൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മുഴുവൻ ചിറകളിലും മത്സ്യ ക്ലബ്ബിന്റെ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിച്ച് മത്സ്യ കൃഷി നടത്തുന്നതിന് ഗ്രാമപഞ്ചായത്തിലെ ചിറ സംരക്ഷണ

സമിതിയ്ക്ക് 3 വർഷത്തേക്ക് ടി ചിറകൾ വിട്ട് നൽകി യോഗം അനുമതി നൽകി തീരുമാനിച്ചു. ഈ വിഷയത്തിൽ 01.11.2025 ൽ നല്കിയ ഓഡിറ്റ് എൻക്വയറി 2ന്ന ലഭ്യമാക്കിയ മറുപടിയിൽ മുഴവൻ ചിറകളും ചിറ സംരക്ഷണ സമിതിയ്ക്ക് 3 വർഷത്തേക്ക് വിട്ട് നൽകിയതായി അറിയിച്ചു. എന്നാൽ ഈ ഇനത്തിൽ പഞ്ചായത്തിന് വരുമാനം വന്നിട്ടുള്ളതായി കാണുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മുഴവൻ ചിറകളും പഞ്ചായത്തിന് വരുമാനം ലഭ്യമാക്കാവുന്ന രീതിയിൽ ലേലം ചെയ്യുന്നതിനോ അല്ലാത്തപക്ഷം ചിറ സംരക്ഷണ സമിതിയ്ക്ക് ലഭിക്കുന്ന വരുമാനം പഞ്ചായത്തിൽ ആനുപാതികമായി അടവാക്കുന്നതിനോ നടപടി സ്വീകരിച്ചിട്ടില്ല. ഭാവിയിൽ ഈ വിഷയത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

1-22 അങ്കണവാടി പൂരക പോഷകാഹാരം-ടി.ഡി.എസ് ഈടാക്കിയില്ല

2024 -25 സാമ്പത്തിക വർഷം മൂക്കന്നൂർ ഗ്രാമ പഞ്ചായത്ത് ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ അങ്കണവാടി പൂരക പോഷകാഹാരം എന്ന പ്രോജക്ടിൽ (66/25) അമൃതം ഫുഡ് സപ്ലിമെന്റ്, ഓജസ് ആക്ടിവിറ്റി ഗ്രൂപ്പ്, കീഴില്ലം, രായമംഗലം എന്ന സ്ഥാപനത്തിൽ നിന്ന വാങ്ങിയിട്ടുള്ളതാണ്. എന്നാൽ ടി.ഡി.എസ് ഈടാക്കിയില്ല. വിശദീകരണം നല്കുന്നതിന 2.11.2025 ൽ നല്കിയ ഓഡിറ്റ് എൻക്വയറി 20 ന മറുപടി ലഭിച്ചില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

ബിൽ നമ്പർ, തീയതി	തുക
15/3.5.24	57720/-
24/27.5.24	48174/-
42/29.6.24	38628/-
50/19.7.24	40848/-
48/30.8.24	45232/-
35/4.9.24	52323/-
	282925/-

CGST ആക്ട് 2017ലെ വകുപ്പ് 51(1) പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2½ ലക്ഷത്തിൽ അധികരിക്കുന്ന സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയോ കരാറുകാരുടെ ബില്ലിൽ നിന്നും 1% ടിഡിഎസ് പിടിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. SGST ആക്ട് 2017ലെ വകുപ്പ് 51(1) സമാനമായ നിർദ്ദേശമുള്ളതാണ്. ആയതിനാൽ ആകെ മൂല്യം 2½ ലക്ഷത്തിൽ അധികരിക്കുന്ന ബില്ലുകളിൽ നിന്നും CGST, SGSTഇനങ്ങളിൽ 1% വീതം ആകെ 2% നികുതി സ്രോതസിൽ നിന്നും ഈടാക്കേണ്ടതാണ്. എന്നാൽ ഈ സ്ഥാപനത്തിൽ നിന്നും അമൃതം ഫുഡ് ഉൽപ്പന്നം വാങ്ങിയപ്പോൾ CGST, SGST ഇനങ്ങളിൽ ടി.ഡി.എസ് ഈടാക്കിയിട്ടില്ലാത്തതാണ്. ഭാവിയിൽ ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

1-23 അങ്കണവാടി കണ്ടയിനറുകൾ വാങ്ങൽ- 37240/- രൂപ തടസ്സം

നിർവ്വഹണോദ്യോഗസ്ഥ	ഐ.സി.ഡി.എസ് സൂപ്പർവൈസർ
പ്രോജക്ട്, നമ്പർ	അങ്കണവാടികൾക്ക് കണ്ടയ്നറുകൾ വാങ്ങൽ, 461/25
ഫണ്ടിനം	വികസനഫണ്ട്
അടങ്കൽ	₹150000/-
ചെലവ്	₹150000/-
ബിൽ നമ്പർ, തീയതി	643/14.03.2025

2024 -25 സാമ്പത്തിക വർഷം മൂക്കന്നൂർ ഗ്രാമ പഞ്ചായത്ത് ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ അങ്കണവാടികൾക്ക് കണ്ടയ്നറുകൾ വാങ്ങൽ എന്ന പ്രോജക്ടിൽ (461/25) അങ്കണവാടികൾക്ക് കണ്ടയ്നറുകൾ വിതരണം ചെയ്യുന്നതിന 13.01.2025 ൽ

ടെണ്ടർ ക്ഷണിച്ചിരുന്നു. 19 അങ്കണവാടികൾക്ക് 25, 20, 10 ലിറ്ററുകൾ കണ്ടയ്നറുകൾ 2 എണ്ണം വീതം വിതരണം ചെയ്യുന്നതിനാണ് ടെണ്ടർ ക്ഷണിച്ചിരുന്നത്. പ്രഫോമാ ഇൻവോയിസ് 342/28.01.2025 പ്രകാരം ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ എറണാകുളം ജില്ലാ ഹോൾസെയിൽ കോപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോഴ്സ് ലിമിറ്റഡ്, കാക്കനാട് എന്ന സ്ഥാപനത്തിൽ നിന്നുമാണ് കണ്ടയ്നറുകൾ വാങ്ങിയിട്ടുള്ളത്. മാത്രമല്ല ടെണ്ടർ നോട്ടീസിൽ ആവശ്യപ്പെട്ടിരുന്നതും പ്രഫോമാ ഇൻവോയിസിൽ രേഖപ്പെടുത്തിയിട്ടുള്ളതും ജി.എസ്.ടി അടക്കമുള്ള തുകയാണ്. എന്നാൽ 11.03.2025 ലെ കെ/1592/24-25 ടാക്സ് ഇൻവോയിസിൽ ക്വോട്ടുചെയ്തതിലും വ്യത്യസ്ത നിരക്കാണ് പ്രസ്തുത സ്ഥാപനം രേഖപ്പെടുത്തിയിട്ടുള്ളത്. ആ നിലയ്ക്ക് ക്വോട്ടുചെയ്തതിലും വ്യത്യസ്ത നിരക്കിനാണ് കണ്ടയ്നറുകൾ വാങ്ങിയിട്ടുള്ളത്. വിശദവിവരം ചുവടെ ചേർക്കുന്നു

വാങ്ങിയ സാധനങ്ങൾ	എണ്ണം	ക്വോട്ടു ചെയ്ത തുക ജി.എസ്.ടി അടക്കം	ഡിമാന്റു ചെയ്ത തുക ജി.എസ്.ടി കൂടാതെ	നല്കിയ തുക (₹)	നൽകേണ്ട തുക (₹)
സ്റ്റീൽ ഫുഡ് കണ്ടയിനറുകൾ 25	38	1320	2053.571	78035.698	50160
20	38	1218	1087.500	41325.00	46284
10	17	960	857.143	14571.431	16320
ആകെ				133932.129 + 16071.856 (ജിഎസ്.ടി) = 150003.985	112764

ഈ വിഷയത്തിൽ വിശദീകരണം നല്കുന്നതിനു 02.11.2025 ൽ നല്കിയ ഓഡിറ്റ് എൻക്വയറി 21 നു ലഭ്യമാക്കിയ മറുപടിയിൽ ഭാവിയിൽ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചു. സ്ഥാപനത്തിന് അധികം അനുവദിച്ച ₹37240/- തിരികെ ഈടാക്കേണ്ടതാണ്. ഈ ഇനത്തിലെ അധിക ചെലവ് ₹37240/- തടസ്സപ്പെടുത്തുന്നു.

<u>1-24 മുൻകൂർ ക്രമീകരിച്ചിട്ടില്ല</u>

ബി-18 ഷെഡ്യൂൾ പ്രകാരം വിവിധ ശീർഷകങ്ങളിലായി മുൻകൂർ നൽകിയ തുകകളിൽ ഇനിയും ക്രമീകരിക്കപ്പെടാതെ തുകകൾ അവശേഷിക്കുന്നുണ്ട്. കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1, ആർട്ടിക്കിൾ 99 പ്രകാരം പ്രത്യേക ആവശ്യങ്ങൾക്ക് വേണ്ടി നൽകുന്ന അഡ്വാൻസുകൾ വിശദമായ ബില്ലുകളും വൗച്ചറുകളും സഹിതം മൂന്ന് മാസത്തിനകം ക്രമീകരിക്കേണ്ടതാണ്. ഇപ്രകാരം ക്രമീകരിച്ചില്ലെങ്കിൽ അനുവദിച്ച മുൻകൂർ തുക 18% പിഴപലിശ സഹിതം ഈടാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ക്രമീകരിക്കപ്പെടാതെ അവശേഷിക്കുന്ന മുൻകൂർ തുകകൾ സംബന്ധിച്ച് വിശദീകരണവും ഇക്കാര്യത്തിൽ പഞ്ചായത്ത് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരങ്ങളും ലഭ്യമാക്കുന്നതിനു നല്കിയ ഓഡിറ്റ് എൻക്വയറിക്കു ആയത് ക്രമീകരിക്കുന്നതാണെന്ന് അറിയിച്ചു. നടപടി സ്വീകരിച്ച വിവരം റിപ്പോർട്ടുചെയ്യേണ്ടതാണ്.

മുൻകൂർ വിവരം	ഹെഡ്	തുക
മറ്റു മുൻകൂറുകൾ	460100199	95976
മറ്റു മുൻകൂറുകൾ	460500399	34386

<u>1-25 ഗ്രാന്റുകൾ യഥാകാലം വിനിയോഗിക്കാതെ ബാദ്ധ്യതയായി</u>

ആസ്തി ബാദ്ധ്യത കണക്കിലെ B-4 ഷെഡ്യൂൾ പ്രകാരം മുൻവർഷങ്ങളിൽ ലഭിച്ച പല ഗ്രാന്റുകളും യഥാകാലം വിനിയോഗിക്കാതെ ബാധ്യതയായി അവശേഷിക്കുന്നുണ്ട്. ഗ്രാന്റ് തുക വിനിയോഗിക്കാതെ തുടരുന്നതിന്റെ കാരണവും ഗ്രാന്റുകൾ ഏതേത് വർഷങ്ങളിൽ എന്ത് ആവശ്യങ്ങൾക്കായി ലഭിച്ചതെന്നും അതിൽ തുകകൾ വിനിയോഗിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങളും ലഭ്യമാക്കുന്നതിന് 2.11.2025 ൽ നല്കിയ ഓഡിറ്റ് എൻക്വയറി 22 ന നടപടി സ്വീകരിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി. നടപടി സ്വീകരിച്ച വിവരം റിപ്പോർട്ടു ചെയ്യേണ്ടതാണ്.

1-26 ഹെൽത്ത് ഗ്രാന്റ്

പതിനഞ്ചാം കേന്ദ്ര ധനകാര്യകമ്മീഷന്റെ അന്തിമ റിപ്പോർട്ടിലെ ഏഴാം അദ്ധ്യായത്തിൽ (Empowering Local Governments) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി 4,27,911 കോടി രൂപ 2021-22 മുതൽ 2025-26 വരെ അവാർഡ് നൽകുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽ 70,051 കോടി രൂപ പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നീക്കിവച്ചിട്ടുമുണ്ട്. ആരോഗ്യ മേഖലയിലേക്ക് നൽകുന്ന ധനകാര്യക്കമ്മീഷൻ അവാർഡ് തുകയുടെ വിനിയോഗ മാർഗരേഖ കേന്ദ്ര ധനകാര്യ മന്ത്രാലയം 16.07.2021 ലെ 15(2) FC-XV/FCD/2020-25 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമ മേഖലയിലേക്ക് പ്രധാനമായും 4 സ്കീമുകളിലായിട്ടാണ് അവാർഡ് തുക വിഭജനം നടത്തിയിട്ടുള്ളത്. ഇതിൽ രണ്ട് സ്കീമുകളിലായിട്ടാണ് **മൂക്കന്നൂർ** ഗ്രാമപഞ്ചായത്തിന് ഗ്രാന്റ് ലഭിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന് നാളിതുവരെ ലഭിച്ച ഹെൽത്ത് ഗ്രാന്റും ആയതിന്റെ വിനിയോഗവും സംബന്ധിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

1. നാളിതുവരെ ലഭിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിവരം.

ക്രമ. നം.	സ്കീം	21-22 (₹)	22-23 (₹)	23-24 (₹)	24-25 (₹)
1	സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (I) സബ് സെന്റേഴ്സ്	-	-	-	-
	സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (Ii) പി.എച്ച്.സി.		₹*211355/-* *(208161 + 3194 – Int)*	₹805298/- (792000 + 13298 - Int)	₹*346821/-* *(331000 + Int-15821)*
2	ബ്ലോക്ക് ലെവൽ പബ്ലിക്ക് ഹെൽത്ത് യൂണിറ്റ്.	-	-	-	-
3	ബിൽഡിങ്ങ് ലെസ്സ് സബ് സെന്റേഴ്സ്, പി.എച്ച്.സി., സി.എച്ച്.സി.	-	-	-	-
4	കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ.	-	₹*81381/-* *(80000 + Int – 1381)*	₹345519/- (340000 + Int-5519)	₹544888/- (541000 + Int-3888)

കുറിപ്പ്: 2021-22 ലെ ഗ്രാന്റ് 22-23 ലും 22-23 ലേത് 23-24 ലും 23-24 ലേത് 24-25 ലുമാണ് അനുവദിച്ചിട്ടുള്ളത്. അതിനാൽ ഗ്രാന്റ് അനുവദിച്ചതിന്റെ തൊട്ടടുത്ത വർഷത്തെ വാർഷിക പദ്ധതിയിലാണ് പ്രോജക്ടുകൾ തയ്യാറാക്കി സുലേഖയിൽ ഉൾപ്പെടുത്തുന്നത്.

2. നാളിതുവരെ വിനിയോഗിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗ വിവരം.

ക്രമ. നം.	സ്കീം	21-22 (₹)	22-23 (₹)	23-24 (₹)	24-25 (₹)
1	സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (I) സബ് സെന്റേഴ്സ്	-	-	-	-
	സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (Ii) പി.എച്ച്.സി.	-	*0*	*₹357839*	*₹640061*
2	ബ്ലോക്ക് ലെവൽ പബ്ലിക്ക് ഹെൽത്ത് യൂണിറ്റ്.	-	-	-	-
3	ബിൽഡിങ്ങ് ലെസ്സ് സബ് സെന്റേഴ്സ്, പി.എച്ച്.സി., സി.എച്ച്.സി.	-	-	-	-
4	കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ.	-	*0*	₹246778	*₹138222*

ഗ്രാന്റ് വിനിയോഗത്തിന്റെ വിശദവിവരം

സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീലസ്. (Ii) പി.എച്ച്.സി.				
പ്രോജക്റ്റ്	ചെലവ്			
	2021-22	2022-23	2023-24	2024-25
ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണ സൌകര്യം ഏർപ്പെടുത്തൽ	-	-	*₹357839*	*₹640061*
കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ.				
ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് & വെൽനെസ്സ് സെന്റർ	-	*0*	*₹246778*	*₹138222*

3. ഹെൽത്ത് ഗ്രാന്റ് തുക ഉപയോഗിച്ച് നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ വിവരം.

ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് **മൂക്കന്നൂർ** ഗ്രാമപഞ്ചായത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നും തന്നെ നാളിതുവരെ നടത്തിയിട്ടില്ല.

4.ഹെൽത്ത് ഗ്രാന്റ് - സാമ്പത്തിക നില (2024-25)

	സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (Ii) പി.എച്ച്.സി. (320100202) State Bank Of India A/C No. 40868288731	കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. (320100204) State Bank Of India A/C No. 40868291914
മുന്നിരുപ്പ്	658814	180122
വരവ് (പലിശ ഉൾപ്പെടെ)	346821	544888
ആകെ	1005635	725010
ചെലവ്	640061	138222

365574 586788

1-27 ജൽജീവൻ പദ്ധതി – അവലോകനം

നൂറ് ശതമാനം ഗ്രാമീണ ഭവനങ്ങൾക്കും ഗാർഹിക കുടിവെള്ള കണക്ഷൻ എന്ന ലക്ഷ്യത്തോടെ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തദ്ദേശഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ജൽജീവൻ പദ്ധതി. വീടുകളിലേക്ക് ടാപ്പുകൾ വഴി കുടിവെള്ള കണക്ഷൻ എത്തിക്കുക മാത്രമല്ല ഓരോ വീടിനും ആവശ്യമായ കുടിവെള്ളം നിർദ്ദിഷ്ടമായ ഗുണമേന്മയോടെ മുടങ്ങാതെ നൽകുക എന്നതാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്.

ജൽജീവൻ മിഷൻ – കേരളം

ജൽജീവൻ മിഷൻ കേരളത്തിൽ നടപ്പിലാക്കുന്നതിന് അഞ്ച് വർഷത്തേക്കുള്ള സംയുക്തഭരണാനുമതിയും നിർവ്വഹണ സംവിധാനവും അംഗീകരിച്ചുകൊണ്ടും 20-21 സാമ്പത്തിക വർഷത്തേക്ക് 880 കോടി പദ്ധതി അടങ്കലിന് അംഗീകാരം നൽകികൊണ്ടും 08.06.2020 ൽ സ.ഉ.(കൈ)37/2020/ജ.വി.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചു.

കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിലെ എല്ലാ വീടുകളിലും 2024 നുള്ളിൽ പ്രവർത്തന ക്ഷമമായ ടാപ്പ് കണക്ഷനുകൾ ലഭ്യമാക്കുക, വിദ്യാലയങ്ങൾ, അങ്കൻവാടികൾ, ആരോഗ്യ കേന്ദ്രങ്ങൾ, പൊതു കെട്ടിടങ്ങൾ, ഓഫീസുകൾ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ടാപ്പുകൾ നൽകുക തുടങ്ങിയവയാണ് ജൽജീവൻ മിഷന്റെ പ്രധാന ദൌത്യങ്ങൾ. കേന്ദ്രസർക്കാർ മാർഗ്ഗനിർദ്ദേശമനുസരിച്ച് പദ്ധതിക്കുള്ള കേന്ദ്ര-സംസ്ഥാനവിഹിതം 50:50 എന്ന അനുപാതത്തിലാണ്. സംസ്ഥാന വിഹിതത്തിന്റെ 15% തുക തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതമാണ്. കൂടാതെ 10% തുക ഗുണഭോക്തൃ വിഹിതവും നൽകേണ്ടതാണ്.

ജൽജീവൻ മിഷനും – മൂക്കന്നൂർ ഗ്രാമ പഞ്ചായത്തും

ഗാർഹിക കുടിവെള്ള കണക്ഷനുകൾ മുഴുവൻ വീടുകൾക്കും നൽകുന്ന ജൽജീവൻ മിഷൻ പദ്ധതി സമയബന്ധിതമായി പഞ്ചായത്തിൽ നടപ്പിലാക്കുന്നതിന് പഞ്ചായത്തിന്റെയും ഗുണഭോക്താക്കളുടെയും വിഹിതം വാട്ടർ അതോറിറ്റിയിൽ അടക്കുവാനാവശ്യപ്പെട്ടതനുസരിച്ച് 2020-21 വാർഷിക പദ്ധതിയിൽപ്പെടുത്തി ₹2,60,000/- അടവാക്കിയിട്ടുണ്ട്. ജൽജീവൻ മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടി വിവരങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് റിക്വിസിഷന് (നം. 02/29.10.2025) ലഭ്യമാക്കിയ മറുപടിയിൽ **മൂക്കന്നൂർ** ഗ്രാമപഞ്ചായത്ത് ജൽജീവൻ മിഷനുമായി ബന്ധപ്പെട്ട് മറ്റു പ്രോജക്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല എന്നും പദ്ധതിയുടെ ഭാഗമായി വിവിധ വർഷങ്ങളിലായി 1428 ഗുണഭോക്താക്കൾക്ക് വാട്ടർ കണക്ഷൻ ലഭിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്

ഭാഗം –2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ്-നഷ്ടം 547/- രൂപ

മൂക്കന്നൂർ ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 05.05.2023 ലെ 1(2) നം. തീരുമാന പ്രകാരം, 'പാർപ്പിടാവശ്യം-സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ.ന് മുകളിലുള്ളവ' എന്ന ഗണത്തിൽ പെടുന്ന കെട്ടിടങ്ങൾക്ക് 2024-25 വർഷത്തിൽ 8.4/ ച.മീ. രൂപയാണ് അടിസ്ഥാന വസ്തു നികുതി നിരക്ക്. എന്നാൽ ചുവടെ കൊടുത്തിരിക്കുന്ന 300 ച.മീ. ന് മുകളിലുള്ള കെട്ടിടത്തെ തെറ്റായി 'പാർപ്പിടാവശ്യം - സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ.വരെയുള്ളവ' എന്ന ഗണത്തിൽപെടുത്തി വസ്തു നികുതി കുറവായി (6.3 രൂപ / ച.മീ.) നിർണ്ണയിച്ചിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	കെട്ടിട നം.	കെട്ടിട ഉടമയുടെ പേരും, മേൽ വിലാസവും	ആകെ തറ വിസ്തീർണ്ണം	ഈടാക്കിയ വസ്തു നികുതി (ലൈബ്രറി സെസ്സ് ഉൾപ്പെടെ) 2024 രണ്ടാം അർദ്ധ വർഷം (₹)	ഈടാക്കേണ്ടിയിരുന്ന വസ്തു നികുതി (ലൈബ്രറി സെസ്സ് ഉൾപ്പെടെ) 2024 രണ്ടാം അർദ്ധ വർഷം (₹)	കുറവ് (₹)
1	12/464 A	ഔസേഫ് മകൻ ഔസേഫ്, മാടശ്ശേരി ഹൌസ്, വട്ടേക്കാട്	367.27 ച.മീ.	1,640/- (367.27*6.3 +809.83 (35% വർദ്ധനവ്) + 157 (5% ലൈബ്രറി സെസ്സ്))/2	2,187/- (367.27*8.4 + 1079.77 (35% വർദ്ധനവ്) + 208 (5% ലൈബ്രറി സെസ്സ്))/2	547

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(01/27.10.2025), നികുതി നിർണ്ണയിച്ചതിൽ വന്ന ക്ലറിക്കൽ തെറ്റ് തിരുത്തി നികുതി പുനർ നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നികുതി പുനർനിർണ്ണയിച്ച് കുറവ് വന്ന തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടച്ച് രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന

സർക്കാരിന്റെ ധനകാര്യ (എസ്റ്റാ-ഡി) വകുപ്പിൽ നിന്നുള്ള 22.02.2025 ലെ എസ്റ്റാ.ഡി.1/ MEDNC2/13/24-ധന നമ്പർ കത്ത് മുഖാന്തിരം ആവശ്യപ്പെട്ടിട്ടുള്ളതനുസരിച്ച്, തദ്ദേശ ഭരണസ്ഥാപനങ്ങളിലെ ജീവനക്കാരുടെ മെഡിസെപ് പ്രീമിയം / അരിയർ വിഹിതം അടവാക്കിയത് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

1. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.04.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഒഴികെ).

ഓഡിറ്റ് വർഷത്തെ ജീവനക്കാരുടെ എണ്ണം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക
13	₹76000	₹70,500	5500

2. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.04.2024 മുതൽ 30.06.2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക

ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല

3. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.07.2024ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).

ജീവനക്കാരുടെ എണ്ണം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ)	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക
ഗ്രാമപഞ്ചായത്ത് ഓഫീസിൽ 01.07.2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഇല്ല			

4. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.08.2024മുതൽ 31.03.2025 വരെയുള്ള കാലയളവിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക
ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല

4-2 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ / തീയതി
2024-25 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്		

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

2024-25ൽ സെക്രട്ടറി നടപ്പിലാക്കിയ പ്രോജക്ടുകളുടെ ഭാഗമായി താഴെപറയുന്ന സ്ഥാപനങ്ങളിൽ തുക അടവാക്കിയിട്ടുണ്ട്. ടി പ്രൊജക്ടുകൾ പൂർത്തീകരിച്ചതു സംബന്ധിച്ച് അതതു സ്ഥാപനങ്ങളിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

ക്രമ നം.	പ്രോജക്ടിന്റെ പേര്/നമ്പർ	നിക്ഷേപിച്ച തുക (ബിൽ നമ്പർ/ വൗച്ചർ നമ്പർ)	തുക അടവാക്കിയ സ്ഥാപനം
1	MCF ൽ കുഴൽകിണർ നിർമ്മാണം (451/25)	₹59000/- (ബിൽ നമ്പർ – 495/21.3.25)	ജില്ലാ ഓഫീസ്, ഭൂജല വകുപ്പ്, കാക്കനാട്
2	തുരുത്തു അംഗൻവാടിക്ക് കുഴൽകിണർ – വാർഡ് 11 (450/25)	₹51000/- (ബിൽ നമ്പർ – 437/12.3.25)	ജില്ലാ ഓഫീസ്, ഭൂജല വകുപ്പ്, കാക്കനാട്
3	73-നമ്പർ അംഗൻവാടിക്ക് കുഴൽക്കിണർ നിർമ്മാണം, മോട്ടോർ സ്ഥാപിക്കൽ (338/25)	₹190000/- (വൗച്ചർ നമ്പർ 42401373/18.3.25)	ജില്ലാ ഓഫീസ്,ഭൂജല വകുപ്പ് ,കാക്കനാട്

4	വിവിധ റോഡുകളിലെ പോസ്റ്റുകൾ മാറ്റിസ്ഥാപിക്കൽ(333/25)	₹25993/-(ബിൽ നമ്പർ – 383/1.3.25)	KSEB ഇലക്ട്രിക്കൽ സെക്ഷൻ,തുറവൂർ
		₹21021/- (ബിൽ നമ്പർ – 521/24.3.25)	KSEB ഇലക്ട്രിക്കൽ സെക്ഷൻ, കറുകുറ്റി
		₹5979/- (ബിൽ നമ്പർ – 489/19.3.25)	KSEB ഇലക്ട്രിക്കൽ സെക്ഷൻ, മൂക്കന്നൂർ
		₹24007/- (ബിൽ നമ്പർ – 487/19.3.25)	KSEB ഇലക്ട്രിക്കൽ സെക്ഷൻ, മൂക്കന്നൂർ
5	വിവിധ വാർഡുകളിൽ തെരുവ് വിളക്കിന് ലൈൻ വലിക്കൽ (332/25)	₹133177/- (ബിൽ നമ്പർ – 420/11.3.25)	KSEB ഇലക്ട്രിക്കൽ സെക്ഷൻ, മൂക്കന്നൂർ
		₹32626/- (ബിൽ നമ്പർ – 464/18.3.25)	KSEB ഇലക്ട്രിക്കൽ സെക്ഷൻ, മൂക്കന്നൂർ
		₹122820/- (ബിൽ നമ്പർ – 465/18.3.25)	KSEB ഇലക്ട്രിക്കൽ സെക്ഷൻ, മൂക്കന്നൂർ
		₹17277/- (ബിൽ നമ്പർ – 466/18.3.25)	KSEB ഇലക്ട്രിക്കൽ സെക്ഷൻ, മൂക്കന്നൂർ
		₹185684/- (ബിൽ നമ്പർ – 467/18.3.25)	KSEB ഇലക്ട്രിക്കൽ സെക്ഷൻ, മൂക്കന്നൂർ
		₹59849/- (ബിൽ നമ്പർ – 546/28.3.25)	KSEB ഇലക്ട്രിക്കൽ സെക്ഷൻ, മൂക്കന്നൂർ
		₹10000/- (ബിൽ നമ്പർ – 522/24.3.25)	KSEB ഇലക്ട്രിക്കൽ സെക്ഷൻ, കറുകുറ്റി
		₹21740/- (ബിൽ നമ്പർ – 550/31.3.25)	KSEB ഇലക്ട്രിക്കൽ സെക്ഷൻ, കറുകുറ്റി
	ആകെ	₹960173/-	

ഡെപ്പോസിറ്റ് തുകകളുടെ വിനിയോഗസാക്ഷ്യപത്രം വാങ്ങി ആയത് ക്രമീകരിക്കേണ്ടതാണ്.

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

4-5 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച തുകകൾ

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ജില്ലാ പഞ്ചായത്ത്	2024-25	1,50,000	ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (70/25)	1,50,000	0
,,	,,	12,80,000	ഭവന നിർമ്മാണം -ലൈഫ്- ജനറൽ (34/25)	12,80,000	0
,,	,,	1,60,000	ഭവന നിർമ്മാണം -ലൈഫ്- എസ്.സി.(35/25)	1,60,000	0
,,	,,	6,00,000	ഭൂരഹിതർക്ക് സ്ഥലം വാങ്ങൽ- ലൈഫ്-ജനറൽ (34/25)	6,00,000	0
,,	,,	1,57,250	പട്ടികജാതി വിദ്യാർത്ഥി കൾക്ക് സ്കോളർഷിപ്പ് (38/24)	1,57,250	0

,,	,,	75,000	ക്ഷീരസംഘങ്ങളിലൂടെ വിതരണം ചെയ്യുന്ന പാലിന് സബ്സിഡി(18/24)	75,000	0
,,	,,	18,970	നെൽകൃഷി വികസനം (534/25)	18,970	0
,,	,,	44,000	കാരുണ്യസ്പർശം (244/25)	44,000	0
,,	,,	44,000	കാരുണ്യസ്പർശം (113/25)	44,000	0
ആകെ		25,29,220		25,29,220	
ബ്ലോക്ക് പഞ്ചായത്ത്	2024-25	4,05,000	ഭിന്നശേഷി വിദ്യാർത്ഥി കൾക്ക് സ്കോളർഷിപ്പ് (70/25)	4,05,000	0
,,	,,	1,80,000	ഭവന നിർമ്മാണം -ലൈഫ്-എസ്.സി.(35/25)	1,80,000	0
,,	,,	5,00,000	ഭവന നിർമ്മാണം – ലൈഫ്-ജനറൽ (34/25)	5,00,000	0
,,	,,	1,00,000	ക്ഷീരസംഘങ്ങളിലൂടെ വിതരണം ചെയ്യുന്ന പാലിന് സബ്സിഡി(31/25)	1,00,000	0
,,	,,	47,750	പട്ടികജാതി വിദ്യാർത്ഥി കൾക്ക് സ്കോളർഷിപ്പ് (136/25)	47,750	0
,,	,,	2,02,687	അംഗൻവാടി പോഷകാഹാരം(66/25)	2,02,687	0
,,	,,	2710	നെൽകൃഷി വികസനം	2710	
ആകെ		**1438147**		**1438147**	

4-6 വായ്പ – വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തീയതി	തൻവർഷം ലഭിച്ച വായ്പ തുക (₹)	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക(₹)	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക(₹)
				മുതൽ (₹)	പലിശ (₹)	
ലൈഫ് ഭവന വായ്പ കെയുആർ ഡിഎഫ്സി.	സ.ഉ.(കൈ) നം.68 /2018/ത.സ്വ.ഭ.വ./ 18.05.2018	-	1,09,63,896	833764	-	10130132

4-7 സ്ഥിരനിക്ഷേപങ്ങൾ

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം	2,00,00,000
തൻവർഷം നിക്ഷേപിച്ച തുക	0
ആകെ	2,00,00,000
തന്നാണ്ടിൽ പിൻവലിച്ച തുക	0
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	2,00,00,000

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

സ്ഥാപനത്തിന്റെ പേര്	തുക	നിക്ഷേപിച്ച തീയതി
ഫെഡറൽ ബാങ്ക്.മൂക്കന്നൂർ	50,00,000	17.08.2024
ഫെഡറൽ ബാങ്ക് മൂക്കന്നൂർ	50,00,000	17.08.2024
ഫെഡറൽ ബാങ്ക് മൂക്കന്നൂർ	50,00,000	17.08.2024
ഫെഡറൽ ബാങ്ക് മൂക്കന്നൂർ	50,00,000	17.08.2024
ആകെ	2,00,00,000	

4-8 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക	തുക	രസീത് നമ്പർ	തീയതി	അടവാക്കിയ ഉദ്യോസ്ഥൻ/ വ്യക്തി /സ്ഥാപനം
2022-23	2(2)	10000.00	1230200494	23.4.2024	തോമസ്
,,	1-26	1667.00	1230200495	30.7.2024	എൽദോസ്
,,	1-26	2970.00	1230200544	26.11.2024	സാബു സെബാസ്റ്റ്യൻ
..	1-25	4605.00	1230200545	26.11.2024	ബൻചമിൻ ബേബി
,,	1-25	4,172.00	1230200570	26.11.2024	വർഗീസ് എ പി
,,	1-25	3302.00	1230200583	26.11.2024	ജോസ് എം.വി
,,	1-15	1200.00	1230200617	11.3.2025	സീസീ ഏജൻസീസ്.
ആകെ		27916			

4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ

1999-00		1999-00	അദ്ധ്യായം IV.7 (B)	തയ്യൽ മെഷീൻ വിതരണം. തുക 9220/-	ഉത്തരവാദിയായ ഉദ്യോഗസ്ഥൻ ശ്രീ. കെ.എൻ. നാരായണന്റെ പേരിൽ സ്ഥാവര ജംഗമ വസ്തുക്കൾ ഇല്ലാത്തതിനാൽ തുക ഈടാക്കാൻ നിർവ്വാഹമില്ലെന്ന് മൂവാറ്റുപുഴ തഹസിൽദാർ അറിയിച്ചിട്ടുണ്ട്. ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്ന് തുക ഈടാക്കി നൽകുന്നതിനായി ടിയാന്റെ ബാദ്ധ്യത സർട്ടിഫിക്കറ്റ് കൊന്നത്തടി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് കൈമാറിയിട്ടുണ്ട്.
1998-99	58	2002-03	അദ്ധ്യായം VII.7(7)(I)	സർക്കാർ ഉത്തരവിന് വിരുദ്ധമായി ലക്ഷം വീട് പുനരുദ്ധാരണത്തിന് പണം നൽകി. തുക 1,80,000/-	
1998-99	59, 60	2002-03	അദ്ധ്യായം VII.7(7)(Ii)	ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് പണം നൽകിയത്. തുക 73,000/-	
1998-99	64	2002-03	അദ്ധ്യായം VII.7(7)(Iii)	തയ്യൽ പരിശീലന കേന്ദ്രം സർക്കാർ ഉത്തരവിന് വിരുദ്ധമായി തുക ചെലവഴിച്ചു. തുക 138054/-	

4-10 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-11 ഓഡിറ്റ് പ്രത്യവലോകനം

ഓഡിറ്റ് വർഷത്തെ വരവ്	7,22,14,950
ഓഡിറ്റ് വർഷത്തെ ചെലവ്	6,54,87,872
വരവിനങ്ങളിലുള്ള നഷ്ടം	547
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	0
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	13,16,503

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	ചാർജ്ജ് ചെയ്യാവുന്നത് തുക (₹)	സർചാർജ്ജ് ചെയ്യാവുന്നത് തുക (₹)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
2-1	547		ശ്രീ.സുനിൽ കെ യു, സെക്രട്ടറി
ആകെ	547		

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക (₹)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-14	16445	ചിത്ര വേലായുധൻ, മെഡിക്കൽ ഓഫീസർ (ഹോമിയോ)
1-15	1021818	സുനിൽ കുമാർ കെ യു, സെക്രട്ടറി
1-16	141000	പ്രശാന്ത് പി. ജെ, വി.ഇ.ഒ, കോക്കുന്ന്
1-17	100000	സുനിൽ കുമാർ കെ യു, സെക്രട്ടറി
1-23	37240	ജെസ്സി കെ. ഒ, ഐ.സി.ഡി.എസ് സൂപ്പർവൈസർ

ആകെ	1316503

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ സുനിൽ കുമാർ കെ യു, സെക്രട്ടറി	സെക്രട്ടറി, മൂക്കന്നൂർ ഗ്രാമ പഞ്ചായത്ത്	കൃഷ്ണ മന്ദിരം, വിദ്യാധിരാജ സ്കൂളിന് സമീപം, മേക്കാട് പി ഒ, എറണാകുളം 683589
ജെസ്സി കെ.ഒ, ഐ.സി.ഡി.എസ്, സൂപ്പർവൈസർ	മൂക്കന്നൂർ, ഗ്രാമ പഞ്ചായത്ത്	മേനാച്ചേരി വീട്, കരയാംപറമ്പ്, കറുകുറ്റി പി ഒ,
പ്രശാന്ത്.പി.ജെ, വി.ഇ.ഒ, കോക്കുന്ന്	വി.ഇ.ഒ, കോക്കുന്ന്, മൂക്കന്നൂർ ഗ്രാമ പഞ്ചായത്ത്	പാടത്തുപറമ്പിൽ വീട്, പട്ടണം, വടക്കേക്കര പി.ഒ, 683522
ചിത്ര വേലായുധൻ, മെഡിക്കൽ ഓഫീസർ (ഹോമിയോ)	മെഡിക്കൽ ഓഫീസർ, ഗവ. ഹോമിയോ ഡിസ്പെൻസറി, മൂക്കന്നൂർ)	ചെറുകുന്നത്ത് വീട്, GG 27, ഗ്രീൻ ഗാർഡൻ ഹൗസിംഗ് കോളനി, അങ്കമാലി 683572

4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം
1996-97	എൽ.എഫ്.ഇ (പി3)186/98/07.10.1998
1997-98	എൽ.എഫ്.ഇ (പി3)293/99/16.03.2000
1998-99	എൽ.എഫ്.ഇ(പി3)1038/01/13.01.2002
1999-00	എൽ.എഫ്.ഇ (പി4)276/02/23.01.2003
2000-01	എൽ.എഫ്.ഇ (പി4)1439/03/10.09.2004
2001-02	എൽ.എഫ്.ഇ(പി4)1375/04 / 01.12.2005
2002-03	എൽ.എഫ്.ഇ.(പി4)1423/04 / 01.12.2005
2003-04	എൽ.എഫ്.ഇ.(പി4)773/05 / 04.07.2006
2004-05	എൽ.എഫ്.ഇ (പി4)1874/06/05.07.2006
2005-06	എൽ.എഫ്.ഇ (പി4)33/07/05.07.2006
2006-07	എൽ.എഫ്.ഇ (പി4)1293/10/03.11.2011
2007-08	എൽ.എഫ്.ഇ (പി4)1294/10/03.11.2011
2008-09 2009-10 2010-11	എൽ.എഫ്.ഇ (പി4)1511/12/12.09.2012

2011-12 2012-13	എൽ.എഫ്.ഇ (പി4)973/2014/29.08.2014
2013-14 2014-15	കെ.എസ്.എ.ഇ.കെ.എം.(പി4)411/2016/11.03.2016
2015-16	കെ.എസ്.എ.ഇ.കെ.എം.(പി4)2248/2016/23.01.2017
2016-17	കെ.എസ്.എ.ഇ.കെ.എം.(പി4)2055/2017/28.11.2017
2017-18	കെ.എസ്.എ.-ഇ.കെ.എം.(പി4)165/2019/11.03.2019
2018-19	കെ.എസ്.എ.ഇ.കെ.എം (പി4)138/20
2019-20	കെ.എസ്.എ.ഇ.കെ.എം.(പി4)1374/21 തീ. 07.02.2022
2020-21	കെ.എസ്.എ.ഇ.കെ.എം (പി4)1374/21തീ. 07.02.2022
2021-22	കെ.എസ്.എ.ഇ.കെ.എം (പി4)-2283/2022 തീ. 02/03/2023
2022-23	കെ.എസ്.എ.ഇ.കെ.എം (പി4)-1671/2023 തീ. 16/12/2023
2023-24	കെ.എസ്.എ.ഇ.കെ.എം (പി4)-1416/2024 തീ. 19/10/2024

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

Annexure-1

Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 2(1) dated 25-07-2025 and submitted on 28-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Mookkanoor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Mookkanoor Grama Panchayat as on 31-03-2025

Date: 18/12/2025 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Mookkanoor Grama Panchayat for the Year 2024-2025.

1.Major Observations

NIL

2.Other Observations

1. Lack of Panchayath Raj Budget rules adversely affecting budgetary control system.

2. The asset value shown in Balance sheet is not traceable to Asset Register due to unsupported design of existing Asset Register

3. Non inclusion of Notes to Accounts in Financial statements and non disclosure of material facts.
4. Net Increase / Decrease in cash flow doesnot match with difference between opening balance and closing balance.

5. Lapses in making timely and accurate demand entries in respect of Tax revenue.

6. Documents related to journal vouchers are not maintained.
7.In AFS Advance deposited in kseb donot match with AFS.
8. Mismatch of amount in terms of District panchayath share as per sulekha statement and AFS.

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

എറണാകുളം ജില്ലയിലെ മൂക്കന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്